**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1855** **11-10-2024 - ൽ മറുപടിയ്ക്ക്**

**ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും നൽകുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആർ.സി.ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ പുതിയതായി ഇഷ്യൂ ചെയ്യാനും പുതുക്കി നൽകാനും എത്ര ദിവസമാണ് വേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സേവനാവകാശ നിയമപ്രകാരം ആർ.സി. ബുക്ക് പുതിയതായി ഇഷ്യു ചെയ്യുവാനും പുതുക്കി നൽകാനും 10 പ്രവർത്തി ദിവസങ്ങൾ ആണ് വേണ്ടി വരുന്നത്.<br><br>ഡ്രൈവിംഗ് ലൈസൻസ് പുതിയതായി ഇഷ്യു ചെയ്യാൻ 5 ദിവസവും, പുതുക്കി നൽകുന്നതിന് 15 ദിവസവുമാണ് വേണ്ടി വരുന്നത്. |
| (ബി) | ആർ.സി.ബുക്കും ഡ്രൈവിംഗ് ലൈസൻസും ഇപ്പോൾ കുറെ നാളുകളായി ഇഷ്യൂ ചെയ്യാറില്ലെന്ന് വാഹന ഉടമകളും ഡ്രൈവർമാരും അടക്കമുള്ള പൊതുജനം പരാതിപ്പെടുന്നത് വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | ആർ.സി., ലൈസൻസ് എന്നിവ പ്രിന്റ് ചെയ്ത് നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. 2024 ജൂലൈ 15 വരെ ഇഷ്യു ചെയ്ത ആർ.സി. ബുക്കുകളും, ആഗസ്റ്റ് 26 വരെ ഇഷ്യു ചെയ്ത ലൈസൻസുകളും പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും, ഇഷ്യൂ ചെയ്യാനായി എത്ര ആർ.സി.ബുക്കുകളും ഡ്രൈവിംഗ് ലൈസൻസുകളും ഉണ്ടെന്നുമുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ ; | (സി) | ആർ.സി., ലൈസൻസ് ഇവ പ്രിന്റ് ചെയ്യുന്ന കമ്പനി ഇടയ്ക്ക് പ്രിന്റിംഗ് നിർത്തിവെച്ചതിനാലാണ് കാലതാമസം നേരിട്ടത്. നിലവിൽ പ്രിന്റിംഗ് പുനരാരംഭിച്ചിട്ടുണ്ട്. 5 ലക്ഷത്തോളം ആർ.സി കളും 1.5 ലക്ഷത്തോളം ലൈസൻസുകളും ഇനി പ്രിന്റ് ചെയ്ത് നൽകാനുണ്ട്. സെൻട്രലൈസ്ഡ് പ്രിന്റിങ് ആയതിനാൽ ജില്ല തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) | ഒരു ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും തയ്യാറാക്കുന്നതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്നും, ഏതെങ്കിലും ഏജൻസിയെയാണോ ഇതേല്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഏജൻസിക്ക് കുടിശിക തുക നൽകാനുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ആർ.സി. ബുക്ക്, ലൈസൻസ് ഇവ പ്രിന്റ് ചെയ്യുന്നതിന് കാർഡ് ഒന്നിന് 60/- രൂപ + 18% ജി.എസ്.ടി. ആണ് കമ്പനിക്ക് നൽകി വരുന്നത്. കേന്ദ്ര സർക്കാർ പൊതുമേഖല സ്ഥാപനം ആയ M/s ITI Ltd, പാലക്കാടിനെ ആണ് പ്രിന്റിംഗ് ഏൽപ്പിച്ചിരിക്കുന്നത്. ടി ഏജൻസിക്ക് നിലവിൽ 14,62,10,141/- രൂപ നൽകുവാനുണ്ട്. |

സെക്ഷൻ ഓഫീസർ